**മധുരമായ കുട്ടികളേ– നിങ്ങൾ പ്രഭുകുമാരന്മാരും രാജകുമാരന്മാരും ആകാൻ പോകുന്നവരാണ്, നിങ്ങൾക്ക് ഒരു വസ്തുവിനോടും ആഗ്രഹം ഉണ്ടാകരുത്, ആരോടും ഒന്നും യാചിക്കരുത്.**

**ചോദ്യം–** ആരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടി ഏതൊരു കാര്യത്തെ ആധാരമാക്കരുത്?
**ഉത്തരം–** ചില കുട്ടികൾ കരുതുന്നു വൈഭവങ്ങളുടെ ആധാരത്തിൽ ആരോഗ്യം ശരിയാക്കിവെക്കാമെന്ന്. പക്ഷേ ബാബ പറയുന്നു ഇവിടെ നിങ്ങൾക്ക് വൈഭവങ്ങളുടെ ഇച്ഛ വെയ്ക്കേണ്ടതില്ല. വൈഭവങ്ങളിലൂടെ ആരോഗ്യം ലഭിക്കില്ല. ആരോഗ്യം ശരിയാക്കിവെക്കുന്നതിന് വേണ്ടി ഓർമ്മയുടെ യാത്ര ചെയ്യണം. പറയാറുണ്ട് സന്തോഷം പോലൊരു ടോണിക്കില്ല. നിങ്ങൾ സന്തോഷത്തോടെയിരിക്കൂ, ലഹരിയിൽ ഇരിക്കൂ. നിങ്ങൾ ദധീചി ഋഷിയെപ്പോലെ അസ്ഥികൾ നൽകൂ എങ്കിൽ ആരോഗ്യം ശരിയാക്കി വെക്കാം.

**ഓംശാന്തി**. ബാബയെ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും എന്നാണ് പറയുന്നത്. നിങ്ങൾ പ്രഭുകുമാരന്മാരാണ്. ഈ സൃഷ്ടിയിൽ നിങ്ങളുടേത് ഉയർന്നതിലും ഉയർന്ന സ്ഥാനമാണ്. നിങ്ങൾ കുട്ടികൾക്ക് ലഹരിയുണ്ടാകണം നമ്മൾ പ്രഭുകുമാരന്മാരാണ്, പ്രഭുവിന്റെ മതപ്രകാരം ഇപ്പോൾ വീണ്ടും തന്റെ രാജ്യഭാഗ്യം സ്ഥാപിക്കുകയാണ്. ഇത് ആരുടേയും ബുദ്ധിയിൽ ഓർമ്മ നിൽക്കുന്നില്ല. ബാബ എല്ലാ സെന്ററിലുമുള്ള കുട്ടികൾക്കുവേണ്ടിയാണ് പറയുന്നത്. അനേകം സെന്ററുകളുണ്ട്, അനേകം കുട്ടികൾ വരുന്നുണ്ട്. ഓരോരുത്തരുടേയും ബുദ്ധിയിൽ സദാ ഓർമ്മയുണ്ടായിരിക്കണം നമ്മൾ ബാബയുടെ ശ്രീമതം അനുസരിച്ച് വീണ്ടും വിശ്വത്തിൽ ശാന്തിയുടേയും സുഖത്തിന്റേയും രാജ്യം സ്ഥാപന ചെയ്യുകയാണ്. സുഖം ശാന്തി എന്നീ രണ്ടു വാക്കുകളാണ് ഓർമ്മവെയ്ക്കേണ്ടത്. നിങ്ങൾ കുട്ടികൾക്ക് എത്ര ജ്ഞാനം ലഭിക്കുന്നു, നിങ്ങളുടെ ബുദ്ധി എത്ര വിശാലമായിരിക്കണം, ഇവിടെ ഭ്രാന്തൻ ബുദ്ധി പറ്റില്ല. സ്വയം പ്രഭുകുമാരനാണ് എന്ന് മനസ്സിലാക്കൂ എങ്കിൽ പാപം അവസാനിക്കും. മുഴുവൻ ദിവസത്തിലും ബാബയുടെ ഓർമ്മയില്ലാത്തവരും ഒരുപാടുപേരുണ്ട്. നിങ്ങളുടെ ബുദ്ധി എന്തുകൊണ്ടാണ് മങ്ങുന്നത്? സെന്ററിൽ ഇങ്ങനെ ഇങ്ങനെയുള്ള കുട്ടികൾ വരുന്നു, അവരുടെ ബുദ്ധിയിൽ ഒട്ടും ഇല്ല നമ്മൾ ശ്രീമത്തിലൂടെ വിശ്വത്തിൽ തന്റെ ദൈവീക രാജ്യം സ്ഥാപിക്കുകയാണെന്നത്. ഉള്ളിൽ ആ ലഹരിയും തിളക്കവും ഉണ്ടാകണം. മുരളി കേൾക്കുമ്പോൾത്തന്നെ രോമാഞ്ചം ഉണ്ടാകണം. ഇവിടെ ബാബ നോക്കുമ്പോൾ കുട്ടികളുടെ രോമാഞ്ചം തീർത്തും മരിച്ചിരിക്കുന്നു, വളരെ അധികം കുട്ടികളുണ്ട് അവരുടെ ബുദ്ധിയിൽ ഇത് ഓർമ്മയേ വരുന്നില്ല അതായത് നമ്മൾ ശ്രീമതം അനുസരിച്ച് ബാബയുടെ ഓർമ്മയിലൂടെ വികർമ്മത്തെ വിനാശമാക്കി തന്റെ രാജധാനി സ്ഥാപിക്കുകയാണ്. ബാബ ദിവസവും മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, നിങ്ങൾ യോദ്ധാക്കളാണ്, രാവണനുമേൽ വിജയം നേടുന്നവരാണ്. ബാബ നിങ്ങളെ ക്ഷേത്രത്തിലിരിക്കാൻ യോഗ്യരാക്കി മാറ്റുകയാണ് എന്നാൽ അത്രയും ലഹരിയും സന്തോഷവും കുട്ടികൾക്കുണ്ടോ, ഏതെങ്കിലും സാധനം ലഭിച്ചില്ലെങ്കിൽ ഉടനെ പിണങ്ങുന്നു. കുട്ടികളുടെ അവസ്ഥ കണ്ട് ബാബയ്ക്ക് അത്ഭുതം തോന്നുന്നു. മായയുടെ ചങ്ങലകളിൽ കുടുങ്ങിയിരിക്കുന്നു. നിങ്ങളുടെ സ്വമാനം, നിങ്ങളുടെ ജോലി, നിങ്ങളുടെ സന്തോഷം എല്ലാം അത്ഭുതകരമായിരിക്കണം. ആരാണോ മിത്ര സംബന്ധികളെ മറക്കാത്തത് അവർക്ക് ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. പിന്നീട് എന്ത് പദവി നേടും! അത്ഭുതം തോന്നുന്നു.

നിങ്ങൾ കുട്ടികൾക്ക് വളരെ അധികം ലഹരിയുണ്ടാകണം. സ്വയം പ്രഭുകുമാരനാണ് എന്ന് മനസ്സിലാക്കൂ എങ്കിൽ ഒന്നും യാചിക്കേണ്ടതായ അവസ്ഥ വരില്ല. ബാബ ഇത്രയും അളവില്ലാത്ത ഖജനാവ് നൽകുകയാണ് പിന്നീട് 21 ജന്മങ്ങളിലേയ്ക്ക് ഒന്നും യാചിക്കേണ്ടി വരില്ല, ഇത്രയും ലഹരിയുണ്ടായിരിക്കണം. പക്ഷേ തീർത്തും മങ്ങിയ, ഇടുങ്ങിയ ബുദ്ധിയാണ്. നിങ്ങൾ കുട്ടികളുടെ ബുദ്ധി 7 അടി നീളമുള്ളതായിരിക്കണം. മനുഷ്യർക്ക് കൂടിവന്നാൽ 6–7 അടി നീളമുണ്ടാകും. ബാബ നിങ്ങളെ എത്ര ഉത്സാഹത്തിലേയ്ക്ക് കൊണ്ടുവരുന്നു– നിങ്ങൾ പ്രഭുകുമാരന്മാരാണ്, ലോകത്തിലെ മനുഷ്യർ ഒന്നും മനസ്സിലാക്കുന്നില്ല. അവർക്ക് നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്– നിങ്ങൾ കേവലം ഇത് മനസ്സിലാക്കൂ അതായത് നമ്മൾ ബാബയുടെ മുന്നിൽ ഇരിക്കുകയാണ്, ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം വിനാശമാകും. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളേ, മായ നിങ്ങളുടെ വളരെ വലിയ ശത്രുവാണ്, എത്രത്തോളം നിങ്ങളുടെ ശത്രുവാണോ അത്രയും വലിയ ശത്രുവല്ല മറ്റുള്ളവർക്ക്. മനുഷ്യർക്കാണെങ്കിൽ അറിയുകയേയില്ല, തുച്ഛ ബുദ്ധികളാണ്. ബാബ ദിവസവും നിങ്ങൾ കുട്ടികളോട് പറയുന്നു നിങ്ങൾ പ്രഭുകുമാരന്മാരാണ്, ബാബയെ ഓർമ്മിക്കൂ ഒപ്പം മറ്റുള്ളവരേയും തനിക്കു സമാനമാക്കി മാറ്റിക്കൊണ്ടിരിക്കൂ. ഭഗവാൻ സത്യമായ പ്രഭു

അല്ലേ, ഇതും മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ നിങ്ങൾക്ക് സാധിക്കും. അതിനാൽ നമ്മൾ ഭഗവാന്റെ കുട്ടികൾ പ്രഭുകുമാരന്മാരാണ്, നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ നടക്കുമ്പോഴും കറങ്ങുമ്പോഴും ഇതു ണ്ടാകണം. സേവനത്തിൽ ദധീചീ ഋഷിയ്ക്കു സമാനം അസ്ഥികൾ സമർപ്പിക്കണം. ഇവിടെ അസ്ഥികൾ നൽകുകയല്ല ഇനിയും അളവില്ലാത്ത സുഖവും വൈഭവങ്ങളും വേണം. ഈ സാധനങ്ങൾ കൊണ്ട് ആരോ ഗ്യം ശരിയാകുകയേയില്ല. ആരോഗ്യത്തിന് ആവശ്യം ഓർമ്മയുടെ യാത്രയാണ്. ഈ സന്തോഷം ഉണ്ടാ കണം. നമ്മൾ കല്പ കല്പം മായയോട് തോറ്റുവന്നു, ഇപ്പോൾ മായയുടെമേൽ വിജയം നേടുകയാണ്. ബാബ വന്ന് വിജയം നേടിത്തരുന്നു. ഇപ്പോൾ ഭാരതത്തിൽ എത്ര ദുഃഖമാണ്, അളവില്ലാത്ത ദുഃഖം നൽകുന്നയാൾ രാവണനാണ്. ലോകർ കരുതുന്നത് വിമാനമുണ്ട്, വാഹനങ്ങളുണ്ട്, കൊട്ടാരങ്ങളുണ്ട്, ഇതുമതി ഇതുതന്നെയാണ് സ്വർഗ്ഗം. ഈ ലോകം തന്നെ നശിക്കാനുള്ളതാണ് എന്നത് മനസ്സിലാക്കുന്നില്ല. ലക്ഷങ്ങളും കോടികളും ചിലവാക്കുന്നു, എത്ര ബോംബുകൾ ഉണ്ടാക്കുന്നു, യുദ്ധത്തിനുള്ള ആയുധ ങ്ങൾ എത്രയാണ് വാങ്ങുന്നത്. ഇത് പരസ്പരം അവസാനിപ്പിക്കുന്നതിനുള്ളതാണ്, വിവേക ശൂന്യരല്ലേ. എത്രത്തോളും വഴക്കുകൂടുന്നു അടികൂടുന്നു, കാര്യം ചോദിക്കുകയേ വേണ്ട. എത്ര അഴുക്കാണ് നിറ ഞ്ഞിരിക്കുന്നത്. ഇതിനെയാണ് നരകം എന്നു പറയുന്നത്. സ്വർഗ്ഗത്തിനാണെങ്കിൽ വളരെ വലിയ മഹിമയു ണ്ട്. ബറോഡയിലെ മഹാറാണിയോട് ചോദിക്കൂ മഹാരാജാവ് എവിടെപ്പോയി? അപ്പോൾ പറയും സ്വർഗ്ഗ വാസിയായെന്ന്. സ്വർഗ്ഗം എന്ന് എന്തിനെയാണ് പറയുന്നത്– ഇത് ആർക്കും അറിയില്ല, എത്ര ഘോരാന്ധ കാരമാണ്. നിങ്ങളും ഘോരാന്ധകാരത്തിലാണ്. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾക്ക് ഈശ്വരീയ ബുദ്ധി നൽകുകയാണ്. സ്വയം ഈശ്വരീയ സന്താനമാണ്, പ്രഭുകുമാരനാണ് എന്ന് മനസ്സിലാക്കൂ. പ്രഭു പഠിപ്പിക്കു കയാണ് രാജകുമാരനാക്കി മാറ്റുന്നതിനായി. ബാബ പഴഞ്ചൊല്ല് കേൾപ്പിക്കാറുണ്ടല്ലോ– ആടെന്തറിഞ്ഞു അങ്ങാടി വാണിഭം...... ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട്– എന്നാൽ മനുഷ്യർ എല്ലാവരും ഈ ആടു കളെപ്പോലെയാണ്, ഒന്നും അറിയില്ല. ഇരുന്ന് എന്തെല്ലാം ഉപമകളാണ് ചെയ്യുന്നത്. നിങ്ങളുടെ ബുദ്ധി യിൽ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യമുണ്ട്. നല്ല രീതിയിൽ ഓർമ്മവേണം നമ്മൾ വിശ്വത്തിൽ സുഖവും ശാന്തിയും സ്ഥാപിക്കുകയാണ്. സഹായിയായി മാറുന്നത് ആരാണോ അവരാണ് ഉയർന്ന പദവി നേടുന്ന ത്. ആരെല്ലാമാണ് സഹായിയായി മാറുന്നത് എന്നതും നിങ്ങൾ കാണുന്നുണ്ട്. ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഞാൻ ആടിനെപ്പോലെയ ല്ലല്ലോ? നോക്കൂ മനുഷ്യനിൽ എത്ര അഹങ്കാരമാണ്, ഗുർ ഗുർ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾക്കാ ണെങ്കിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കണം. സേവനത്തിൽ അസ്ഥികൾ നൽകണം, ആരെയും പിണ ക്കരുത് പിണങ്ങുകയും അരുത്. അഹങ്കാരവും വരരുത്. ഞാൻ ഇത് ചെയ്യുന്നുണ്ട്, ഞാൻ സമർത്ഥനാണ്, ഈ ചിന്ത വരുന്നതും ദേഹാഭിമാനമാണ്. അവരുടെ ചലനങ്ങൾ ഇങ്ങനെയുള്ളതായിരിക്കും, അതിനാൽ ലജ്ജ തോന്നും. ഇല്ലെങ്കിൽ നിങ്ങളെപ്പോലെ സുഖം മറ്റാർക്കും ലഭിക്കുക സാദ്ധ്യമല്ല. ഇത് ബുദ്ധിയിൽ ഉണ്ടെങ്കിൽ നിങ്ങൾ തിളങ്ങിക്കൊണ്ടിരിക്കും. സെന്ററിൽ നല്ല മഹാരഥികളുമുണ്ട്, കുതിര സവാരിക്കാരു മുണ്ട് അതുപോലെ കാൽനട യാത്ര ചെയ്യുന്നവരുമുണ്ട്. ഇതിൽ വളരെ വിശാലമായ ബുദ്ധി ആവശ്യമാ ണ്. എങ്ങനെ എങ്ങനെയെല്ലാമുള്ള ബ്രാഹ്മണിമാരാണ്, ചിലർ വളരെ സഹായികളാണ്, സേവനത്തിൽ എത്ര സന്തുഷ്ടരായിരിക്കുന്നു. നിങ്ങൾക്ക് ലഹരിയുണ്ടായിരിക്കണം. സേവനമില്ലാതെ എന്ത് പദവി നേടാ നാണ്. അമ്മയ്ക്കും അച്ഛനും മക്കളോട് ബഹുമാനമുണ്ടാകും പക്ഷേ കുട്ടികൾ സ്വയം തന്നെത്താൻ ബഹുമാനിച്ചില്ലെങ്കിൽ ബാബ എന്തു പറയും.

നിങ്ങൾ കുട്ടികൾ കുറഞ്ഞ വാക്കുകളിൽ തന്നെ ബാബയുടെ പരിചയം എല്ലാവർക്കും നൽകണം. പറ യൂ, ബാബ പറയുന്നു മന്മനാഭവ. ഗീതയിലും കുറച്ച് കാര്യങ്ങളുണ്ട് ആട്ടയിൽ ഉപ്പുചേർത്തതുപോലെ. ഈ വലിയ ലോകം എത്ര വിശാലമാണ്, ഇത് ബുദ്ധിയിൽ വരണം. എത്ര വലിയ ലോകമാണ്, എത്ര മനു ഷ്യരാണ്, പിന്നീട് ഇത് ഒന്നും ഉണ്ടാകില്ല. ഒരു ഖണ്ഢത്തിന്റേയും പേരോ അടയാളമോ പോലും ശേഷി ക്കില്ല. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുകയാണ് ഈ സന്തോഷം രാവും പകലും ഉണ്ടായിരി ക്കണം. ജ്ഞാനം വളരെ സഹജമാണ്, എന്നാൽ മനസ്സിലാക്കിക്കൊടുക്കുന്നയാൾ വളരെ സമർത്ഥരായി രിക്കണം. അനേക പ്രകാരത്തിലുള്ള യുക്തികളുണ്ട്. ബാബ പറയുന്നു ഞാൻ നിങ്ങളെ വളരെ വലിയ നയതന്ത്രജ്ഞന്മാരാക്കി മാറ്റുകയാണ്. അവർ നയതന്ത്രജ്ഞൻ എന്ന് അംബാസഡറെയാണ് പറയുന്നത്. അതിനാൽ കുട്ടികളുടെ ബുദ്ധിയിൽ എപ്പോഴും ഓർമ്മയുണ്ടായിരിക്കണം. ആഹാ! പരിധിയില്ലാത്ത ബാബ നമുക്ക് നിർദ്ദേശം നൽകുകയാണ്, നിങ്ങൾ ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവർക്കും ബാബയുടെ പരി ചയം നൽകുന്നു. നിങ്ങൾ ഒഴികെ ബാക്കിയുള്ള മുഴുവൻ ലോകവും നാസ്തികരാണ്. നിങ്ങളിലും നമ്പർവൈ സാണ്. നാസ്തികരായും ചിലരില്ലേ. ബാബയെ ഓർമ്മിക്കുന്നേയില്ല. സ്വയം പറയുന്നു ബാബാ ഞാൻ ഓർമ്മിക്കാൻ മറന്നുപോകുന്നു, എങ്കിൽ നാസ്തികരല്ലേ. പ്രഭുകുമാരനാക്കി മാറ്റുന്ന ബാബയെ ഓർമ്മ വരുന്നില്ലേ! ഇത് മനസ്സിലാക്കുന്നതിനും വളരെ വിശാലമായ ബുദ്ധി വേണം. ബാബ പറയുന്നു ഞാൻ

ഓരോ 5000 വർഷങ്ങൾക്ക് ശേഷവും വരുന്നു. നിങ്ങളിലൂടെ തന്നെയാണ് കാര്യങ്ങൾ ചെയ്യുന്നത്. നിങ്ങൾ എത്ര നല്ല യോദ്ധാക്കളാണ്. വന്ദേമാതരം എന്ന് നിങ്ങൾ പാടാറില്ലേ. നിങ്ങൾ തന്നെയായിരുന്നു പൂജ്യരായിരുന്നത് പിന്നീട് നിങ്ങൾ തന്നെ പൂജാരിയായി മാറി. ഇപ്പോൾ ശ്രീമതത്തിലൂടെ വീണ്ടും പൂജ്യരായി മാറുകയാണ്. അതിനാൽ നിങ്ങൾ കുട്ടികൾ വളരെ ശാന്തമായി സേവനം ചെയ്യണം. നിങ്ങൾ ഒരിയ്ക്കലും അശാന്തരാകരുത്. ആരുടെയാണോ ഓരോ നാഡികളിലും ഭൂതം നിറഞ്ഞിരിക്കുന്നത് അവർ എന്ത് പദവി നേടാനാണ്. ലോപവും വലിയ ഭൂതമാണ്. ബാബ ഓരോരുത്തരുടേയും പെരുമാറ്റം എങ്ങനെയുള്ളതാണ് എന്ന് കണ്ടുകൊണ്ടിരിക്കുന്നുണ്ട്. ബാബ എത്ര ലഹരി കയറ്റുന്നു എന്നിട്ടും ചിലർ സേവനം ചെയ്യുന്നില്ല, കേവലം കഴിച്ചും കുടിച്ചും ഇരിക്കുന്നു പിന്നീട് 21 ജന്മങ്ങളിലേയ്ക്ക് സേവനം ചെയ്യേണ്ടതായി വരും. ദാസ ദാസിയായും മാറുമല്ലോ. അവസാന സമയത്ത് എല്ലാവർക്കും സാക്ഷാത്ക്കാരം ഉണ്ടാകും. സേവനയുക്തരായ കുട്ടികളാണ് ഹൃദയത്തിൽ കയറുക. എല്ലാവരേയും അമരലോകവാസികളാക്കി മാറ്റുക ഇതാണ് നിങ്ങളുടെ സേവനം. ബാബ വളരെ അധികം ധൈര്യം നൽകുന്നുണ്ട്, ധാരണചെയ്യൂ, ദേഹ അഭിമാനമുള്ളവർക്ക് ധാരണയുണ്ടാവുക സാദ്ധ്യമല്ല. നിങ്ങൾക്ക് അറിയാം നമ്മൾ ബാബയെ ഓർമ്മിച്ച് വേശ്യാലയത്തിൽ നിന്നും ശിവാലയത്തിലേയ്ക്ക് പോവുകയാണ്, അതിനാൽ അതുപോലെയായിമാറി കാണിക്കണം.

ബാബ കത്തുകളിൽ എഴുതാറുണ്ട്– ഓമനകളായ ആത്മീയ പ്രഭുകുമാരന്മാരെ, ഇപ്പോൾ ശ്രീമതത്തിലൂടെ നടക്കൂ, മഹാരഥിയാവുകയാണെങ്കിൽ തീർച്ചയായും രാജകുമാരനായി മാറും. പ്രധാന ലക്ഷ്യംതന്നെ ഇതാണ്. ഒരേയൊരു സത്യമായ ബാബയാണ് നിങ്ങൾക്ക് എല്ലാ കാര്യങ്ങളും നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നത്. സേവനം ചെയ്ത് മറ്റുള്ളവരുടെ മംഗളവും ചെയ്തുകൊണ്ടിരിക്കൂ. യോഗബലമില്ലെങ്കിൽ പിന്നെ ഇതുവേണം, അതുവേണം എന്നിങ്ങനെ ആഗ്രഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. അവർക്ക് സന്തോഷമുണ്ടാകില്ല, പറയാറുണ്ട് സന്തോഷം പോലൊരു ടോണിക്ക് വേറെയില്ല. പ്രഭുകുമാരന്മാർക്ക് വളരെ അധികം സന്തോഷം ഉണ്ടായിരിക്കണം. സന്തോഷമില്ലെങ്കിൽ പിന്നെ അനേകം പ്രകാരത്തിലുള്ള പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കും. ബാബ നിങ്ങൾക്ക് വിശ്വസാമ്രാജ്യം നൽകുന്നു, ബാക്കി ഇനി എന്താണ് വേണ്ടത്! ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ ഇത്രയും മധുരമായ ബാബയുടെ എന്ത് സേവനമാണ് ചെയ്യുന്നത്? ബാബ പറയുന്നു – പ്രഭു വന്നിരിക്കുന്നു എന്ന സന്ദേശം എല്ലാവർക്കും നൽകിക്കൊണ്ടേപോകൂ. വാസ്തവത്തിൽ നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്. നമ്മൾ എല്ലാവരും സഹോദരങ്ങളാണ് നമ്മൾ പരസ്പരം സഹായിക്കണം എന്നെല്ലാം പറയാറുണ്ട്. പക്ഷേ സഹായിക്കണം എന്ന ചിന്തയിലാണ് അവർ ഇങ്ങനെ പറയുന്നത്. എന്നാൽ ഇവിടെ ബാബ പറയുന്നു നിങ്ങൾ എല്ലാവരും ഒരു അച്ഛന്റെ മക്കളാണ് അതിനാൽ പരസ്പരം സഹോദരങ്ങളാണ്. ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നയാൾ. കുട്ടികളിലൂടെ സ്വർഗ്ഗമുണ്ടാക്കുകയാണ്. സേവനത്തിനുള്ള യുക്തികൾ അനേകം പറഞ്ഞുതരുന്നു. മിത്ര സംബന്ധികൾക്കും മനസ്സിലാക്കിക്കൊടുക്കണം. നോക്കൂ വിദേശത്തുള്ള മക്കളും സേവനം ചെയ്യുന്നുണ്ട്. ദിനം പ്രതിദിനം മനുഷ്യർ ആപത്തുകൾ കണ്ട് മനസ്സിലാക്കും– മരിക്കുന്നതിനു മുമ്പ് സ്വർഗ്ഗം നേടണം. കുട്ടികൾ തന്റെ മിത്ര സംബന്ധികളേയും ഉണർത്തുന്നുണ്ട്. പവിത്രമായും ഇരിക്കുന്നു. പക്ഷേ നിരന്തരം സഹോദരങ്ങളാണ് എന്ന സ്മൃതിയുണ്ടാവുക, അത് ബുദ്ധിമുട്ടാണ്. ബാബയാണെങ്കിൽ കുട്ടികൾക്ക് പ്രഭു കുമാരൻ എന്ന എത്രനല്ല ടൈറ്റിലാണ് നൽകിയിരിക്കുന്നത്. സ്വയം നോക്കണം. സേവനം ചെയ്യുന്നില്ലെങ്കിൽ നമ്മൾ എന്താകും? അഥവാ ആരെങ്കിലും സമ്പാദിച്ചു പിന്നീട് അതിൽ നിന്നും കഴിച്ച് കഴിച്ച് അത് ഇല്ലാതായെങ്കിൽ പിന്നീട് അതെല്ലാം അവരുടെ കണക്കിൽതന്നെ വരും. സേവനം ചെയ്യുന്നവർക്ക് ഒരിയ്ക്കലും ഇങ്ങനെയുള്ള ചിന്ത വരരുത് അതായത് ഞങ്ങൾ ഇത്ര ചെയ്തു, അവരിലൂടെയാണ് എല്ലാവരുടേയും പാലന നടക്കുന്നത് എങ്കിൽ അവർക്കും പ്രാധാന്യം നൽകും, അവർ കഴിപ്പിക്കുന്നവരാണ് എന്ന് മനസ്സിലാക്കിക്കൊടുക്കണം. ആത്മീയ കുട്ടികളാണ് നിങ്ങളെ കഴിപ്പിക്കുന്നത്. നിങ്ങൾ അവരുടെ സേവനം ചെയ്യുന്നു, ഇത് വളരെ വലിയ കണക്കാണ്. മനസ്സാ, വാചാ, കർമ്മണാ അവരുടെ സേവനം ചെയ്യുന്നില്ലെങ്കിൽ ആ സന്തോഷം എങ്ങനെ ഉണ്ടാകും. ശിവബാബയെ ഓർമ്മിച്ച് ഭക്ഷണം ഉണ്ടാക്കിയാൽ അതിലൂടെ ശക്തി ലഭിക്കും. ഞാൻ എല്ലാവരേയും പ്രീതിപ്പെടുത്തുന്നുണ്ടോ? എന്ന് ഹൃദയത്തോട് ചോദിക്കണം. മഹാരഥികളായ കുട്ടികൾ എത്ര സേവനം ചെയ്യുന്നുണ്ട്. ബാബ റെക്സിൻ ഷീറ്റിൽ ചിത്രങ്ങൾ നിർമ്മിക്കുന്നു, ഈ ചിത്രങ്ങൾ ഒരിയ്ക്കലും കീറുകയോ ഒടിയുകയോ ചെയ്യില്ല. ബാബയുടെ കുട്ടികൾ ഇരിക്കുന്നുണ്ട്, അവർ സ്വയം അയയ്ക്കും. അല്ലാതെ ബാബ എവിടെ നിന്ന് പൈസ കൊണ്ടുവരും. ഈ മുഴുവൻ സെന്ററുകളും എങ്ങനെയാണ് നടക്കുന്നത്? കുട്ടികൾ തന്നെയല്ലേ നടത്തുന്നത്. ശിവബാബ പറയുന്നു എന്റെ കൈയ്യിൽ ഒരുരൂപപോലും ഇല്ല. മുന്നോട്ട് പോകവേ സ്വയംതന്നെ ആളുകൾ വന്ന് പറയും ഞങ്ങളുടെ കെട്ടിടം നിങ്ങൾ ഉപയോഗിച്ചോളൂ. നിങ്ങൾ പറയും ഇപ്പോൾ വളരെ വൈകിപ്പോയി. ബാബ പാവങ്ങളുടെ തോഴനാണ്. പാവങ്ങളുടെ അടുത്ത് എവിടെ നിന്ന്

വരാനാണ്. ചിലർ കോടിപതികളും, നൂറുകോടി ആസ്തിയുള്ളവരുമാണ്. അവർക്ക് ഇതുതന്നെയാണ് സ്വർഗ്ഗം. ഇതാണ് മായയുടെ മടിത്തട്ട്. മായയുടെ അധഃപതനം ഉണ്ടാവുകയാണ്. ബാബ പറയുന്നു നിങ്ങൾ ആദ്യം പ്രഭുകുമാരന്മാരായിരിക്കുന്നു ഇനി ചെന്ന് രാജകുമാരന്മാരാകും. പക്ഷേ അത്രയും സേവനവും ചെയ്തു കാണിക്കൂ. വളരെ സന്തോഷത്തോടെ ഇരിക്കണം. നമ്മൾ പ്രഭു കുമാരന്മാരാണ് ഇനി രാജകുമാരന്മാരായി മാറുന്നവരാണ്. വളരെ അധികംപേരുടെ സേവനം ചെയ്യുമ്പോഴാണ് രാജകുമാരനായി മാറുന്നത്. സന്തോഷത്തിന്റെ അതിര് എത്ര കവിയണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ആരെയും ഒരിയ്ക്കലും പിണക്കരുത് അതുപോലെ സ്വയം പിണങ്ങാനും പാടില്ല. തന്റെ സാമർത്ഥ്യത്തിന്റെ അഥവാ താൻ സേവനം ചെയ്യുന്നതിന്റെ അഹങ്കാരം കാണിക്കരുത്. എങ്ങനെ ബാബ കുട്ടികൾക്ക് ബഹുമാനം നൽകുന്നുവോ അതുപോലെ കുട്ടികളും തന്നെത്താനെ ബഹുമാനിക്കണം.

2. യോഗബലത്തിലൂടെ തന്റെ മുഴുവൻ ആഗ്രഹങ്ങളേയും സമാപ്തമാക്കണം. സദാ ഈ സന്തോഷത്തിൽ അഥവാ ലഹരിയിൽ ഇരിക്കണം അതായത് നമ്മൾ പ്രഭുകുമാരന്മാരാണ് രാജകുമാരന്മാരായി മാറുന്നവരാണ്. സദാ ശാന്തമായി സേവനം ചെയ്യണം. ഓരോ നാഡികളിലുമുള്ള ഭൂതങ്ങളെ പുറത്ത് കളയണം.

## വരദാനം:- ബ്രാഹ്മണജീവിതത്തിൽ ബാബ മുഖേന ലൈറ്റിന്റെ കിരീടം പ്രാപ്തമാക്കുന്ന മഹാഭാഗ്യവാനായ ആത്മാവായി ഭവിക്കട്ടെ.

സംഗമയുഗീ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷതയാണ് ''പവിത്രത''. പവിത്രതയുടെ അടയാളം- ലൈറ്റിന്റെ കിരീടമാണ്, അത് ഓരോ ആത്മാവിനും ബാബ മുഖേന പ്രാപ്തമാകുന്നതാണ്. പവിത്രതയുടെ ലൈറ്റിന്റെ ഈ കിരീടം ആ രത്ന-ജടിതമായ കിരീടത്തേക്കാൾ അതി ശ്രേഷ്ഠമാണ്. മഹാനാത്മാ, പരമാത്മാ ഭാഗ്യവാനാത്മാ, ഉയർന്നതിലും ഉയർന്ന ആത്മാവിന്റെ അടയാളമാണ് ഈ കിരീടം. ബാപ്ദാദ ഓരോ കുട്ടികൾക്കും ജനിക്കുമ്പോൾ തന്നെ ''പവിത്രഭവ'' എന്ന വരദാനം നൽകുന്നു, അതിന്റെ അടയാളമാണ് ലൈറ്റിന്റെ കിരീടം.

## സ്ലോഗൻ:- പരിധിയില്ലാത്ത വൈരാഗ്യവൃത്തിയിലൂടെ ഇച്ഛകൾക്ക് വശപ്പെട്ട് പരവശരായ ആത്മാക്കളുടെ പരവശത ദൂരീകരിക്കൂ.

,